# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.75 — 10.02.2016 - ൽ മറുപടിയ്ക്ക്

## ഭൂഗർഭ ജലവിതാനത്തെ സംബന്ധിച്ച പഠനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.കെ.എം ഷാജി<br>ശ്രീ.പി.ബി.അബ്ദുൾ റസാക്<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ | ശ്രീ.പി.ജെ.ജോസഫ്<br>ജലവിഭവ വകുപ്പ് മന്ത്രി |
| എ) ഭൂഗർഭ ജലവിതാനത്തിലെ ഏറ്റക്കുറച്ചിലുകൾ കാലാകാലങ്ങളിൽ പഠനവിധേയമാക്കാറുണ്ടോ ; | എ) ഉണ്ട് |
| ബി) എങ്കിൽ കഴിഞ്ഞ അഞ്ചു വർഷത്തെ പഠനഫലം എന്തായിരുന്നു എന്ന് വെളിപ്പെടുത്തുമോ ; | ബി) സംസ്ഥാനത്തെ ജലലഭ്യതയുടെ ഏറ്റക്കുറച്ചിലുകൾ സംബന്ധിച്ച് പഠനങ്ങൾ ഭൂജലവകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി നടത്തിവരുന്നു. ഇതുപ്രകാരം 2013 മാർച്ച് വരെയുള്ള പഠനമനുസരിച്ച് സംസ്ഥാനത്ത് പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അതിചൂഷണ ബ്ലോക്ക് ആയി തരംതിരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക്, കാസറഗോഡ് ജില്ലയിലെ കാസറഗോഡ് ബ്ലോക്ക് എന്നിവ ക്രിട്ടിക്കൽ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതുകൂടാതെ 18 ബ്ലോക്കുകൾ സെമിക്രിട്ടിക്കൽ |

| | |
|---|---|
| | വിഭാഗത്തിലും ബാക്കി 131 ബ്ലോക്ക് സുരക്ഷിത ബ്ലോക്കുകൾ ആയും തരംതിരിച്ചിട്ടുണ്ട്. |
| സി) ഏറ്റവും ഗുരുതര ജലശോഷണം ഏതൊക്കെ മേഖലകളിലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ? | സി) സംസ്ഥാനത്ത് പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അതിചൂഷണ ബ്ലോക്കായും കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവ ക്രിട്ടിക്കൽ വിഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. ഇതുകൂടാതെ 18 ബ്ലോക്കുകൾ സെമി ക്രിട്ടിക്കൽ വിഭാഗത്തിലും തരംതിരിച്ചി ട്ടുണ്ട്. ജലലഭ്യതയുടെ അടിസ്ഥാനത്തിൽ ഇവിടങ്ങളിൽ ഭൂവിതാനം ഉയർത്തുന്നതിനായി കൃത്രിമ ഭൂജല പരിപോഷണ മാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ